പി. എസ്സ്. എസ്സ്. സ്കീം.

* 973. [72] ശ്രീ. പി. കേശവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലേക്ക് പി. എസ്സ്. എസ്സ്. സ്കീം. എന്ന മാതൃകയിൽ നടപ്പിൽ വന്നു;

(ബി) സ്കീമിൻ കീഴിൽ ഓരോ ഡിസ്ട്രിക്റ്റിലും ചേർന്നിട്ടുള്ള സ്കൂളുകൾ ഏതൊക്കെ;

(സി) ചേരാത്ത സ്കൂളുകളെത്ര?

മുഖ്യമന്ത്രി, (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ വിഭാഗത്തിൽ 1-9-50 മുതലും, കൊച്ചി വിഭാഗത്തിൽ 1-10-50 മുതലും നടപ്പിൽ വന്നു.

(ബി, സി) ലിസ്റ്റ് † മേശപ്പുറത്ത് വച്ചിട്ടുണ്ട്.

Parambikulam Scheme.

* 974. [73] SHRI K. A. SIVARAMA BHARATHY: Will the Chief Minister be pleased to state:

(a) whether the Government have any idea to work out the Parambikulam Scheme by their own ; and

(b) if not, why ?

Minister for Works (SHRI K. I. VELAYUDHAN):

(a) & (b) Government have not considered this question.

Pothundy Scheme.

* 975. [74] SHRI K. A. SIVARAMA BHARATHY: Will the Minister for Works be pleased to state:

(a) the reasons why the Pothundy Scheme is dropped ; and

(b) was there any representation against dropping that Scheme ?

Minister for Works (SHRI K. I. VELAYUDHAN):

(a) The Government have not dropped the Scheme.

(b) Yes.

STARRED QUESTIONS POSTED FOR ANSWER ON 23-11-1955.

അലോപ്പതി ആസ്പത്രികൾ.

* 976. [1] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 സാമ്പത്തികവർഷത്തിൽ ഏത്ര അലോപ്പതി ആസ്പത്രികൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

† Please see Appendix XXIII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കായംകുളം ആശുപത്രി അപ്‌ഗ്രേഡ് ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എന്നത്തേയ്ക്കു പൂർത്തിയാകും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ആശുപത്രികളൊന്നും അപ്‌ഗ്രേഡ് ചെയ്തിട്ടില്ല.

(ബി) സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(സി) ഒന്നരക്കൊല്ലത്തിനകം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ആയുർവ്വേദ കോളേജ് പണ്ഡിറ്റ്.

* 977. [2] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ദയവായി ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ കോളേജിൽ പണ്ഡിറ്റ് ആയിട്ടും, ലക്‌ചറർ ആയിട്ടും നിയമിക്കുന്നതിനു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മിനിമം ക്വാളിഫിക്കേഷൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) അതിനെതിരായി വല്ലവരേയും നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്ത്;

(ഇ) അംഗീകരിച്ചിട്ടുള്ള സിലബസ്സ് അനുസരിച്ച് പഠിപ്പിക്കുവാൻ ഇനി എത്ര അദ്ധ്യാപകന്മാരെ ആവശ്യമുണ്ട്;

(എഫ്) അവരെ നിയമിക്കാത്തതെന്തുകൊണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) ലക്‌ചറർ സ്ഥാനത്തേയ്ക്കു യോഗ്യത നിശ്ചയിച്ചിട്ടില്ല. പണ്ഡിറ്റ് സ്ഥാനത്തേയ്ക്കു കേരള പരീക്ഷാധികാരി യോഗ്യത നിശ്ചയിച്ചിട്ടുണ്ട്.

(ബി) പണ്ഡിറ്റ് (ശമ്പള സ്കെയിൽ 40—70) ആയുർവ്വേദാചാര്യൻ. (ഈ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ) ഹയർ മെഡിക്കൽ സർട്ടിഫിക്കേറ്റ് (ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നു) വൈദ്യകലാനിധി എന്നിവയും, തിരുവനന്തപുരം സംസ്കൃതകോളേജിലെ ഉപാദ്ധ്യായപരീക്ഷയോ, മഹോപാദ്ധ്യായപരീക്ഷയോ ആണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ആവശ്യമുള്ള അദ്ധ്യാപകന്മാരെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മരുന്നു ഡാക്കിൽ തൂത്തുക്കുടിക്കാവുന്ന രോഗികൾ.

* 978. [3] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറ്റിൽ എത്ര ആളുകളെ മരുന്നു ഡാക്കിൽ തൂത്തുക്കുടിക്കുവാൻ കഴിയുമെന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ :

LIBRARY ARCHIVES Kerala Legislative Assembly